LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി വീട് സ്ഥിതിചെയ്യുന്ന വസ്തുക്കൾ ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്താനും തീരുമാനിച്ചു. ഹാർബറിലേക്ക് പോകുന്ന 4 മീറ്റർ വീതിയുള്ള വഴിയിലെ തെക്കുഭാഗത്തു താമസിക്കുന്നവരെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ മാറ്റി പാർപ്പിക്കുകയും തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന മൂന്ന് മീറ്റർ വീതിയുള്ള ഫുട്പാത്ത് 8.50 മീറ്റർ വീതിയിൽ റോഡ് നിർമ്മാണം നടത്തുവാനുമാണ് 17-5-2013-ൽ ജില്ലാ കളക്ടർ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽവച്ച് തീരുമാനമെടുത്തത്. അതുപ്രകാരം 130.23 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 5-9-2013-ൽ ഹൈലെവൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 130.23 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിലേക്കായി പത്തു കോടി രൂപ ആവശ്യമായി വരുമെന്ന് കൊച്ചി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ തുറമുഖത്തിന്റെ അനുബന്ധ ഘടകങ്ങൾ നടപ്പിലാക്കുന്നതിനും ആയതിലേക്ക് കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനുമായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം പത്തു കോടി രൂപ ചെലവിൽ 130.2 ആർ സ്ഥലം ഏറ്റെടുക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അടിയന്തരയോഗം വിളിക്കുന്നതാണ്.

16. സർക്കാരിതര ഖാദി ജീവനക്കാർക്ക് പെൻഷൻ

ശ്രീ. കെ. മുരളീധരൻ : സർ, സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 2000 രൂപവീതം പെൻഷൻ അനുവദിക്കണമെന്ന് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശിപാർശ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. പ്രസ്തുത കമ്മിറ്റി 6-3-2012-ൽ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് 2013-14 വർഷം മുതൽ 29 കോടിയോളം രൂപ വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയെങ്കിലും വിരമിച്ചവർക്കുള്ള പെൻഷൻ പദ്ധതിമാത്രം ഇതുവരേയും പ്രാവർത്തികമാക്കിയിട്ടില്ല. ഇതുനിമിത്തം രാജ്യസേവനാർത്ഥം ജീവിതം സമർപ്പിച്ച അനുനൂറോളം മുൻകാല ഖാദി പ്രവർത്തകർ തീർത്തും അവശത അനുഭവിക്കുകയാണ്. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായാണ് നമ്മുടെ മുൻതലമുറയിൽപ്പെട്ടവർ ഖാദിപ്രവർത്തനങ്ങളിൽ പങ്കാളികളായത് എന്ന് നമുക്കെല്ലാവർക്കും അറിയാം. ഗാന്ധി സ്മാരകനിധി, സർവ്വോദയ സംഘങ്ങൾ, ഖാദി ആന്റ് വില്ലേജ്

LIBRARY ARCHIVES Kerala Legislative Assembly

അസോസിയേഷൻ, ഖാദി ഫെഡറേഷൻ തുടങ്ങിയവയാണ് കേരളത്തിലെ പ്രമുഖ സർക്കാരിതര ഖാദിസ്ഥാപനങ്ങൾ. ഖാദി ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ നേരിട്ട് നൽകുന്ന സാഹചര്യത്തിൽ ഇത്തരം സാമൂഹ്യ പരിഷ്കരണ സ്ഥാപനങ്ങളിലൂടെ ഖാദി പ്രവർത്തകരായി ജീവിതം സമർപ്പിച്ചവരെ പൂർണ്ണമായും അവഗണിക്കുന്നത് നീതിപൂർവ്വമല്ല. അതിനാൽ സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച അറുന്നൂറോളം ജീവനക്കാർക്ക് പ്രതിമാസം 2000 രൂപ വീതം പെൻഷൻ അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, സംസ്ഥാനത്തെ ഖാദി മേഖലയെക്കുറിച്ച് പഠിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതടക്കമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു മായാണ് പ്രമുഖ ഗാന്ധിയനായ ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത്. പ്രസ്തുത കമ്മിറ്റി 120 കോടി രൂപയുടെ ആധുനികവൽക്കരണ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 3230 പേർക്ക് പുതിയതായി തൊഴിൽ നൽകുന്നതിനുള്ള 29 കോടി 46 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ ആദ്യഘട്ടമായി നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതുവരെ 15 കോടി 21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള ആധുനികവൽക്കരണ പരിപാടികൾ പുരോഗമിച്ചുവരുന്നു. ഖാദി കമ്മീഷനും ഖാദി ബോർഡും കൂടാതെ സംസ്ഥാനത്ത് 25-ഓളം ഖാദി സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. അതിൽ 9 എണ്ണം സഹകരണ സ്ഥാപനങ്ങളാണ്. സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച പല ജീവനക്കാർക്കും പി.എഫ്. പെൻഷനും സഹകരണ ബോർഡുവഴിയുള്ള പെൻഷനും ലഭിച്ചു വരുന്നുണ്ട്. എന്നാൽ ഒരുതരത്തിലുള്ള പെൻഷനും ലഭ്യമാകാത്ത സരക്കാരിതര സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാരും സംസ്ഥാനത്തുണ്ട്. വ്യവസ്ഥാപിതമായ നിയമന ചട്ടങ്ങളും പെൻഷൻ ചട്ടങ്ങളും നിലവിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷനിലേയും ഖാദി ഗ്രാമവ്യവസായ ബോർഡിലേയും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നത് യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ്. സർക്കാരിൽനിന്നോ മറ്റ് സ്ഥാപനങ്ങളിൽനിന്നോ യാതൊരു പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത അംഗീകൃത ഖാദി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നകാര്യം പരിഗണിക്കേണ്ടതാണെന്ന ശിപാർശ മാത്രമാണ് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലുള്ളത്.

മാത്രമല്ല 120 കോടി രൂപ അടക്കമുള്ള ആധുനികവൽക്കരണ നിർദ്ദേശങ്ങൾ കമ്മിറ്റി സമർപ്പിച്ചിരുന്നുവെങ്കിലും പെൻഷൻ നൽകാൻ വേണ്ടിയുള്ള തുകയൊന്നും തുപാർശ ചെയ്തിട്ടില്ല. ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായുള്ള സമിതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി മൂന്ന് മേഖലായോഗങ്ങൾ നടത്തുകയുണ്ടായി. വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 2000 രൂപവീതം പെൻഷൻ നടപ്പാക്കുക എന്നുള്ളത് മേഖലായോഗത്തിൽ ഉയർന്നുവന്ന ഒരാവശ്യം മാത്രമാണ്. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായും അല്ലാതെയും സാമൂഹ്യ പരിഷ്കരണ സ്ഥാപനങ്ങളിലൂടേയും ഖാദി പ്രവർത്തനത്തിലേർപ്പെടുകയും ജീവിതം സമർപ്പിക്കുകയും ചെയ്ത മുൻകാല പ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ സേവനം രാജ്യത്തിന് ഏറെ വിലപ്പെട്ടതും വിസ്മരിക്കാനാകാത്തതുമാണ്. 120 കോടി രൂപയുടെ പരിഷ്കരണ നിർദ്ദേശങ്ങളിൽ കേവലം 29 കോടി 46 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ മാത്രമാണ് സർക്കാർ ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട പ്രകാരം സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നകാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

17. മേജർ ജില്ലാ റോഡുകൾ

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, എന്റെ മണ്ഡലത്തിലെ ഗതാഗത മേഖലയുമായി ബന്ധപ്പെട്ട അതീവ ഗൗരവതരമായ പ്രശ്നമാണ് ഇന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പയ്യന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതാണ്ട് 248 കിലോ മീറ്റർ ദൈർഘ്യമുള്ള മേജർ ഡിസ്ട്രിക്ട് റോഡുകളുണ്ട്. റോഡുകളുടെ ദൈർഘ്യത്തിനനുസരിച്ച് അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് ഒരിക്കലും അനുവദിക്കാറില്ല. ഇതിൽ ഏതാണ്ട് 34 കിലോ മീറ്റർ ദൈർഘ്യമുള്ള ഏഴ് റോഡുകൾ പത്ത് വർഷത്തിലേറെക്കാലമായി റീ-ടാർ ചെയ്തിട്ടില്ല. മലയോര മേഖലയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ വാഹനങ്ങളോടുന്ന വെള്ളൂർ-വാടിയോട്ടുചാൽ-പുളിങ്ങോം റോഡ്, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്, പയ്യന്നൂർ നഗരമധ്യത്തിലൂടെ കടന്നുപോകുന്ന പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ്, മേത്തരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ റോഡ്, വെള്ളോറ-കക്കറ-കടുക്കാരം റോഡ്, സാമിമുക്ക്-പുത്തൂർ-പെരളം-വെള്ളൂർ റോഡ്, നാഷണൽ ഇസെഡ് റോഡായിട്ടുള്ള, കെ.എസ്.ആർ.ടി. സി. ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന കാങ്കോൽ-ചീമേനി റോഡ് ഇതെല്ലാം ഇതിൽപ്പെടുന്ന റോഡുകളാണ്. ഈ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് നിരവധി തവണ

LIBRARY ARCHIVES Kerala Legislative Assembly